**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **05-07-2022 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; | (എ) | നിലവിലുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയിൽ അപേക്ഷ പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതിക്ക് പ്രായപരിധി ബാധകമാണോ; അപേക്ഷകനെ തിരഞ്ഞെടുക്കുന്നതിന് കാലതാമസം നേരിടാറുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ബാധകമാണ്. ശ്രുതിതരംഗം പദ്ധതി പ്രകാരം നിലവിൽ 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ കാലതാമസം നേരിടാതെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നാളിതുവരെ ടി പദ്ധതിയിലൂടെ 1264 സർജറികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പുതുതായി ലഭിച്ച 9 അപേക്ഷകൾ മാത്രമേ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതായുള്ളൂ. ആയത് അടുത്ത് കൂടുന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. 0–3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിയ്ക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.